കെ.കെ. കുഞ്ഞാലി മുസ്‌ലിയാർ-ചേലക്കാട്

# ശൈഖ് അഹ്മദുൽ ബദവീ(ഖു:സി)

സുപ്രസിദ്ധ വലിയ്യും ഖുതുബുമാണ് ശൈഖ് അഹ്മദ്ബദവീ(ഖു:സി). ജഅ്ഫറുനിസ്സ്വാദിഖ്(റ)ന്റെ 19-ാമത്തെ പൗത്രൻ അലിയ്യ് എന്നവരുടെ മകൻ അഹ്മദ് എന്നാണ് പൂർണ്ണനാമം. അറബീ ബദുക്കളുടെ മുഖം പൊത്തിയുള്ള വസ്ത്രധാരണം സ്വീകരിച്ചിരുന്നതു കൊണ്ടാണ് ബദവീ എന്ന് അറിയപ്പെട്ടത്.

പാശ്ചാത്യൻ രാജ്യമായ ഫാസ് എന്ന ദേശത്ത് ഹി: 596-ലാണ് ജനനം. പ്രാഥമിക പഠനം അവിടെ വച്ചുതന്നെ. ഖുർആൻ ഹൃദിസ്ഥമാക്കുകയും ശാഫിഈ ഫിഖ്ഹ് പഠിക്കുകയും ചെയ്തു. അദ്ദേഹത്തെയും രണ്ടു സഹോദരന്മാരെയും കൂട്ടി ഹി: 606-ൽ പിതാവ് ഹജ്ജിന്നായി പുറപ്പെട്ടു. മക്കയിൽ താമസമാക്കി. ഹി: 627-ൽ പിതാവ് മരണപ്പെട്ടു. പിന്നീട് കുറച്ചുകാലം മക്കയിൽ തന്നെ കഴിച്ചുകൂട്ടി. അതിന്നിടയിൽ അദ്ദേഹത്തിന്റെ സ്ഥിതിയാകെ മാറി. ജനങ്ങളുമായി അകന്നും മൗനിയായും 40 ദിവസത്തോളം തിന്നാതെയും കുടിക്കാതെയും തീക്കനൽ പോലെയുള്ള രണ്ടു കണ്ണ്. മേൽപോട്ടു നോക്കി അധികസമയവും ഇരിക്കുകയും അല്ലാഹുവിൽ നിന്നു ലഭിക്കുന്ന ജ്ഞാനങ്ങൾ മാത്രം പറയുകയും ചെയ്യുന്ന പ്രത്യേകമായൊരവസ്ഥ അദ്ദേഹത്തിൽ ദൃശ്യമായി. കിഴക്കും പടിഞ്ഞാറും യാത്ര ചെയ്യുകയും അവസാനം 'ത്വൻദത്വാ' എന്ന ദേശത്ത് താമസമാക്കുകയും വേണമെന്ന അല്ലാഹുവിന്റെ അറിയിപ്പ് കിനാവിലൂടെ അദ്ദേഹത്തിന്നു ലഭിച്ചു. സഹോദരൻ ശരീഫ് ഹസനിനെയും കൂട്ടി ഇറാഖിലേക്കു പുറപ്പെട്ടു. പിതാമഹന്മാരായ ഹുസൈൻ (റ), മൂസൽകാളിം(റ) എന്നിവരുടെയും ശൈഖ് ജീലാനീ(റ), ഹല്ലാജ്(റ) തുടങ്ങിയ നിരവധി മശാഇഖുമാരുടെയും ഖബ്റിടം സന്ദർശിച്ചു. ശൈഖ് ജീലാനിയും ശൈഖ് രിഫാഇയുമായി ആത്മീയമായി കണ്ടുമുട്ടി. അവരിരുവരും ഇങ്ങനെ പറഞ്ഞു: "ഇറാഖ്, ഹിന്ദ്, യമൻ, മശ്‌രിഖ്, മഗ്‌രിബ് തുടങ്ങിയവയുടെയൊക്കെ താക്കോൽ ഞങ്ങളുടെ കയ്യിലാണ്. നിങ്ങൾക്ക് ഏതുവേണമെങ്കിലും തരാം." "മിഫ്താഹ് ഫത്താഹിൽ നിന്നേ എനിക്കു വേണ്ടൂ" എന്ന് അദ്ദേഹം മറുപടിയും പറഞ്ഞു.

ബഗ്ദാദിൽ നിന്ന് ശൈഖ് അഹ്മദ്കബീർ രിഫാഇയെ സന്ദർശിക്കാൻ ഉമ്മുഅബീദയിലേക്ക് പോകാനൊരുങ്ങി. സഹോദരൻ ചോദിച്ചു: "ഇവിടെ നിന്ന് അവിടത്തേക്ക് എത്ര ദൂരമുണ്ടെന്ന് നിങ്ങൾക്കറിയാമോ?" "ഇല്ല" എന്ന് ശൈഖ് മറുപടി പറഞ്ഞു. 40 ദിവസത്തെ ദൈർഘ്യമുണ്ടെന്നും ഞാൻ ദുആയിരക്കുകയും നിങ്ങൾ ആമീൻ ചൊല്ലുകയും വേണമെന്നും പറഞ്ഞുകൊണ്ട് സഹോദരൻ ഇസ്മുൽഅഅ്ളം കൊണ്ട് പ്രാർത്ഥിച്ചു. ശേഷം 17 കാൽ ചവിട്ടടി നടന്നപ്പോൾ അവിടെയെത്തി. മൂന്നുദിവസം അവിടെ കഴിച്ചുകൂട്ടിയതിന്നു ശേഷം ബഗ്ദാദിലേക്കു മടങ്ങി. സഹോദരൻ ഹസൻ മക്കയിലേക്കും യാത്രയായി. ശൈഖ് അഹ്മദ് മിസ്റിലേക്കു പുറപ്പെട്ടു. അവിടത്തെ ഖലീഫയും സൈന്യവും അദ്ദേഹത്തെ സ്വീകരിച്ചു. പിന്നീട് ത്വൻദത്വാഇലേക്കു യാത്രയായി. ഹി: 634-ലാണിത്. ശേഷം അവിടെത്തന്നെ താമസമാക്കി.

അദ്ദേഹം വസ്ത്രം ധരിച്ചാൽ പഴകി ദ്രവിക്കുന്നതുവരെ ഒരിക്കൽ പോലും കഴുകാനോ മറ്റോ അത് അഴിക്കാറില്ല. പഴകിയാൽ മറ്റൊന്ന് മാറ്റിധരിക്കും. ഗുരുവര്യന്മാരിൽ നിന്ന് ദീനീഉലൂമിന്റെ ഗ്രന്ഥങ്ങൾ കൂടുതൽ പഠിക്കുകയോ സ്വയം ഗ്രന്ഥങ്ങൾ രചിക്കു

കയോ ചെയ്തതായി മഹാനരെ സ്മരിക്കുന്ന പണ്ഡിതശ്രേഷ്ടർ പറഞ്ഞു കാണുന്നില്ല. അല്ലാഹുവിൽ നിന്ന് നേരിട്ടു ലഭിക്കാൻമാത്രം യോഗ്യരായ മുവഫ്ഫഖുകൾക്ക് അതിന്റെ ആവശ്യമില്ലല്ലോ. ചരിത്രപടുക്കളെല്ലാം മഹാനർ വിലായത്തിന്റെ അത്യുന്നത പദവിയിലെത്തിയ ഖുതുബാണെന്ന് പറഞ്ഞിട്ടുണ്ട്.

നിരവധി കറാമത്തുകൾ മഹാനരിൽ നിന്നുണ്ടായിട്ടുണ്ട്. സുപ്രസിദ്ധ പണ്ഡിതനും ഈജിപ്ത് പ്രവിശ്യയിലെ ഖാളിൽഖുളാതുമായി അറിയപ്പെടുന്ന ഇബ്നുദഖീഖിൽ ഈദ്(702) ഒരിക്കൽ ശൈഖ് അഹ്മദ്ബദവിയുടെ സമീപത്തെത്തി. സംഭാഷണത്തിന്നിടയിൽ നിങ്ങൾ നമസ്കരിക്കാത്തവരും ജമാഅത്തിൽ പങ്കെടുക്കാത്തവരുമാണെന്ന് ഞാൻ അറിഞ്ഞിട്ടുണ്ടെന്നും ഇതു സജ്ജനങ്ങളുടെ മാർഗ്ഗമല്ലെന്നും ഇബ്നുദഖീഖ് പറഞ്ഞു. “നിങ്ങൾ മിണ്ടാതിരുന്നോ; അല്ലെങ്കിൽ നിങ്ങളുടെ പൊടി ഞാൻ പാറ്റിക്കളയുമെ”ന്നും പറഞ്ഞുകൊണ്ട് ശൈഖ് ഒരു തട്ട് കൊടുത്തു. ഏതോ കടൽതീരത്താണ് അദ്ദേഹം ചെന്നുവീണത്. എങ്ങോട്ടു പോകണമെന്നറിയാതെ വെപ്രാളപ്പെട്ട് പ്രാർത്ഥനയിൽ മുഴുകിയ ഇമാം പെട്ടെന്ന് ഒരാൾ അദ്ദേഹത്തിന്റെ അരികിലേക്ക് വരുന്നതായി കണ്ടു. അടുത്തെത്തി സലാം പറഞ്ഞു. ഖള്ർ(അ) ആയിരുന്നു ആഗതർ. കാര്യം അന്വേഷിച്ച അദ്ദേഹത്തോട് വിവരങ്ങൾ പറഞ്ഞു. ഇവിടെ നിന്നും കൈറോവിലേക്ക് എത്ര ദൂരമുണ്ടെന്ന് നിങ്ങൾക്കറിയുമോ? ഖള്ർ(അ) ചോദിച്ചു. ഇല്ലെന്ന് ശൈഖവർകൾ. 60 വർഷത്തെ ദൈർഘ്യമെന്ന് മഹാനർ പറഞ്ഞു. ‘ഞാൻ രക്ഷപ്പെടാൻ എന്താണു മാർഗ്ഗം?’ ശൈഖ് തിരക്കി. “അതാ ഒരു വലിയ ഖുബ്ബ നിങ്ങൾ കാണുന്നില്ലേ? അസർ നമസ്കാരത്തിന് അവിടേക്കു പോകുക. നിസ്കാരത്തിന് ശൈഖ് ബദവീ അവിടെയെത്തും. നിസാകാരത്തിനു ശേഷം അദ്ദേഹത്തിന്റെ കൈകാലുകൾ ചുംബിച്ച് ചെയ്തുപോയ അദബ്കേടിൽ ക്ഷമാപണം നടത്തുക. രക്ഷപ്പെടാൻ വഴിയുണ്ട് എന്നു പറഞ്ഞ് മഹാനർ പിരിഞ്ഞു. ഇമാം അതനുസരിച്ചുകൊണ്ട് നേരത്തെ അവിടെയെത്തി. നിസ്കാരസമയമായപ്പോൾ ആളുകൾ വന്നുകൊണ്ടിരുന്നു. ഇഖാമത്ത് കൊടുക്കുമ്പോഴേക്ക് ശൈഖ് വന്ന് ഇമാമായി ജമാഅത്ത് നിർവ്വഹിച്ചു. ശേഷം എല്ലാവരും അദ്ദേഹത്തിന്റെ സമീപമെത്തി. തബർറുക് എടുത്തു തിരിച്ചുപോകുന്നു. കൂട്ടത്തിൽ ഇബ്നുദഖീഖ് അദ്ദേഹത്തിന്റെ മുമ്പിൽ ചെന്ന് വീണു കരഞ്ഞുകൊണ്ട് മാപ്പാക്കണമെന്ന് അപേക്ഷിച്ചു. ഇനി ഇമ്മാതിരി പണിക്ക് പോകേണ്ടെന്നും നിങ്ങളെ കാത്ത് വീട്ടുകാർ ഇരിപ്പുണ്ടെന്നും പറഞ്ഞു ഒരു തട്ട് കൊടുത്തു. വീട്ടുപടിക്കലാണ് ചെന്നുവീണത്. അതിൽപിന്നെ കുറച്ചുനാളുകൾ എവിടെയും പോകാതെ വീട്ടിൽതന്നെ ഇരിപ്പായിരുന്നു ഇമാമവർകൾ. ഈ കഥ മഹാനർ തന്നെ ഉദ്ധരിച്ചുകേട്ടവർ അപ്രകാരം രേഖപ്പെടുത്തിയതായുണ്ട്.

ഇബ്നുല്ലബാൻ എന്ന വലിയൊരു പണ്ഡിതൻ മഹാനരെ കുറ്റപ്പെടുത്തിയതു കാരണം ഖുർആനും മറ്റു വിജ്ഞാനങ്ങളുമെല്ലാം ഊരപ്പെട്ടുപോയി. തിരിച്ചുകിട്ടാൻ എല്ലാ ഔലിയാഇന്റെ സഹായവും തേടിനോക്കി. രക്ഷപ്പെടാൻ ‘യാഖൂതുൽ അർശീ’ എന്ന സൂഫീവര്യരെ സമീപിക്കാൻ അവർ നിർദ്ദേശിച്ചു. അങ്ങനെ ചെയ്തപ്പോൾ അദ്ദേഹം ശൈഖിന്റെ ഖബ്റിടത്തിൽ ചെന്ന് സങ്കടം പറഞ്ഞുകൊണ്ട് ഇബ്നുല്ലബാനിന്റെ വിജ്ഞാനങ്ങൾ തിരികെ കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. തൗബ ചെയ്തു നന്നായാൽ ആവാമെന്ന് ഖബ്റകത്തു നിന്ന് ഉത്തരവും ലഭിച്ചു. അപ്രകാരം ശൈഖ് ചെയ്യുകയും ഇബ്നുല്ലബാനിന്ന് വലിയ്യുമാരിലുള്ള വിശ്വാസം വർദ്ധിക്കുകയും യാഖൂതുൽഅർശീ അദ്ദേഹത്തിന്റെ മകളെ വിവാഹം കഴിച്ചുകൊടുക്കുകയും ചെയ്തു.

ഒരു സ്ത്രീക്ക് ചെറിയ ഒരു കുട്ടി മരണപ്പെട്ടു. ദുഃഖം സഹിക്കവയ്യാതെ അവൾ ശൈഖിന്റെ സമീപത്തെത്തി ഇങ്ങനെ പറഞ്ഞു: നിങ്ങളെക്കൊണ്ട് അല്ലാഹുവിലേക്ക് ഞാൻ ഇടതേടുന്നു. എനിക്ക് എന്റെ കുട്ടിയെ തിരിച്ചുകിട്ടണം. ഇതുകേട്ട ശൈഖ് ദുആ ചെയ്തു. അല്ലാഹു കുട്ടിയെ ജീവിപ്പിച്ചു. ഇതിനെ എതിർക്കുവാനും നിരുത്സാഹപ്പെടുത്തുവാനും പലരും ശ്രമിച്ചുനോക്കിയിരുന്നു. അവരിൽ പലർക്കും പലവിധ ആപത്തുകളും വന്നെത്തുകയാണുണ്ടായത്. പണ്ഡിതരിൽ ഒരാൾ ഇവ്വിധം നിഷേധവുമായി എത്തിയിരുന്നു. അയാൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ഒരു മുള്ള് തറച്ചു. എത്ര ചികിത്സ നടത്തിയിട്ടും സുഖപ്പെട്ടില്ല. കഴുത്ത് ആകെ നീർകെട്ടി വീർത്തു. ഒമ്പതു മാസത്തിനു ശേഷം അയാളുടെ മനസ്സിൽ ശൈഖിന്റെ ഖബ്റിടത്ത് നടക്കുന്ന സിയാറത്തും മറ്റും നിസ്സാരപ്പെടുത്തിയതു കൊണ്ടായിരിക്കുമോ എന്ന തോന്നൽ വന്നു. അദ്ദേഹം ഉടനെ നിങ്ങൾ എന്നെ ശൈഖിന്റെ ഖുബ്ബയിലേക്ക് എത്തിക്കണമെന്ന് പറഞ്ഞു. അവിടെയെത്തി യാസീൻ സൂറത്ത് ഓതാൻതുടങ്ങി. ശക്തമായ ഒരു തുമ്മൽ തുമ്മിയപ്പോൾ മുള്ള് രക്തത്തോടെ പുറത്തേക്കു തെറിച്ചു. ശൈഖ് ഉടനെ പറഞ്ഞു: ‘ഓ സയ്യിദ് അഹ്മദ് അവർകളേ, ഞാൻ എല്ലാ മര്യാദകേടിൽ നിന്നും പശ്ചാത്തപിച്ചു മടങ്ങിയിരിക്കുന്നു’ എന്ന്. നിമിഷനേരം കൊണ്ട് അയാളുടെ വേദനയെല്ലാം മാറി സുഖംപ്രാപിച്ചു.

ഇമാം ശഅ്റാനി(റ) പറയുന്നു: ഹി: 943-ൽ എന്റെ കണ്ണ് കൊണ്ടു കണ്ട ഒരുസംഭവം ഇപ്രകാരമാണ്. ഞാൻ സയ്യിദ് ബദവിയുടെ മസാറിൽ ഇരിക്കുകയായിരുന്നു. പെട്ടെന്നൊരു അട്ടഹാസം കേട്ടു. നോക്കിയപ്പോൾ കൈകാലുകൾ ചങ്ങലയിൽ കുരുക്കപ്പെട്ട ഒരു ബന്ധനസ്ഥൻ. അയാൾക്കു ബോധമില്ല. മൂന്നു ദിവസത്തിനു ശേഷം ബോധം വന്നു. ഞങ്ങൾ അയാളോടു സംഗതി അന്വേഷിച്ചു. അയാൾ പറഞ്ഞു: ‘എന്നെ ഫ്രഞ്ചുകാർ തടവിലാക്കി. ഞാൻ സയ്യിദ് അഹ്മദ്ബദവിയെ തവസ്സുൽ ചെയ്തു ദുആയിരന്നു. അപ്പോൾ തന്നെ എന്തോ ഒരു വസ്തു വന്ന് എന്നെയുമെടുത്തു അന്തരീക്ഷത്തിൽ പറന്നു. അങ്ങനെ ഞാൻ ഇവിടെയാണെ

ത്തിയത്. പിന്നീട് എനിക്കൊന്നും ഓർമ്മയില്ല.' അവർ ചങ്ങല അഴിച്ചുകൊടുത്തു. മരിക്കുവോളം അവിടെതന്നെ കഴിച്ചുകൂട്ടി. ശൈഖ് ശഅ്റാനി(റ) തന്നെ ഉദ്ധരിക്കുന്നു: സയ്യിദ് ബദവീ ഖബ്റിൽ വച്ച് മുരീദുമാരെ നിയന്ത്രിക്കുന്നവരാണ്. ഞാൻ ശൈഖ് മുഹമ്മദുശ്ശനാവിയുടെ കൂടെ സിയാറത്തിനു പോയി. ശൈഖ് മുഹമ്മദ് സയ്യിദ് ബദവിയോട് മിസ്റിലേക്ക് യാത്രപോകാൻ അനുവാദം ചോദിച്ചു. ഖബ്റിൽ നിന്ന് 'നിങ്ങൾ പോവുക, അല്ലാഹുവിൽ തവക്കുലാക്കുകയും ചെയ്യുക' എന്നു പറഞ്ഞു. ഇത് എന്റെ ബാഹ്യമായ കാതുകൊണ്ടു കേട്ടതാണ്.

ഇപ്രകാരം നിരവധി അത്ഭുതസംഭവങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ശൈഖ് മത്ബൂലീ പറയുന്നു: എന്നോട് തിരുനബി(സ)തങ്ങൾ സ്വപ്നത്തിലൂടെ ഇങ്ങനെ പറഞ്ഞു: മിസ്റിൽ ഇമാം ശാഫിഈക്കു ശേഷം ശൈഖ് ബദവിയെപ്പോലെ ഫുതുവ്വത്ത് ഉള്ള ഒരാളുമില്ല. പിന്നീട്, നഫീസത്തുൽമിസ്രിയ്യ:. ശേഷം ശറഫുദ്ദീനിൽകുർദീ. പിന്നെ വനുഫീ എന്നിങ്ങനെയാണു ക്രമം. ഹി: 675-ൽ ശൈഖ് വഫാത്തായി. ശേഷം മുരീദുമാരുടെ ഖലീഫയായി വന്നത് ശൈഖ് അബ്ദുൽആൽ എന്നയാളാണ്. ദീർഘമായി ജീവിച്ച അദ്ദേഹം ഹി: 733-ലാണ് മരണപ്പെട്ടത്. ശൈഖ് ബദവിയുടെ ഹഖ്-ജാഹ് കൊണ്ട് അല്ലാഹു നമ്മെ രക്ഷിക്കട്ടെ. ○